2005 ഒക്ടോബറിൽ പണിയാരംഭിക്കുകയും 2014 മേയ് 30-ാം തീയതി പദ്ധതി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ടിൽ നിന്നും അനുവദിച്ച തുക ഉപയോഗിച്ചുള്ള പ്രവൃത്തികൾ 2015 നവംബർ 3-ഓടെ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പദ്ധതിക്കായി ഇതുവരെയുള്ള പണികൾ പൂർത്തീകരിക്കുന്നതിനായി 12.80 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

മട്ടന്നൂർ നിയോജക മണ്ഡലത്തിലെ പൊതുകുളങ്ങൾ നവീകരിക്കുന്നതിന് ഫണ്ട്

192 (884) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പഞ്ചായത്തുകളിലെ പൊതുകുളങ്ങൾ പുനരുദ്ധരിച്ച് നവീകരിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 2011 മേയ് മാസത്തിനുശേഷം മട്ടന്നൂർ നിയോജകമണ്ഡലത്തിലെ എത്ര പൊതുകുളങ്ങൾ നവീകരിക്കുന്നതിന് ഫണ്ട് ലഭ്യമാക്കി ; ഏതെല്ലാം കുളങ്ങൾ നവീകരിക്കുന്നതിന് എത്ര തുക വീതം ഫണ്ട് ലഭ്യമാക്കി ; വ്യക്തമാക്കുമോ ?

ഉത്തരം

2011 മേയ് മാസത്തിനുശേഷം മട്ടന്നൂർ നിയോജകമണ്ഡലത്തിലെ 5 പൊതുകുളങ്ങൾ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

പുരക്കടവിൽ റഗുലേറ്റർ-കം-ബ്രിഡ്ജ്

193 (885) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്തിലെ ഏര്യം പുഴയ്ക്ക് കുറുകെ പുരക്കടവിൽ റഗുലേറ്റർ-കം-ബ്രിഡ്ജ് സ്ഥാപിക്കുന്നതിന് ചെറുകിട ജലസേചന വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഇതിന്റെ ഡിസൈൻ തയ്യാറാക്കി നബാർഡിന്റെ അടുത്ത RIDF സ്കീമിൽ ഉൾപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly